**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5126** **21-07-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശം എത്ര ഏക്കർ സ്ഥലമുണ്ട്; | (എ) | കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശം കാസർഗോഡ് 2065 ഹെക്ടർ, ചീമേനി 1123.11 ഹെക്ടർ, രാജപുരം 1522.68 ഹെക്ടർ എന്നീ എസ്റ്റേറ്റുകളിലായി ആകെ 4710.79 ഹെക്ടർ സ്ഥലമുണ്ട്. |
| (ബി) | പ്രസ്തുത സ്ഥലം പ്രയോജനപ്പെടുത്തി കൂടുതൽ തൊഴിൽ സാധ്യതകളുള്ള കാർഷികാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങാൻ കൃഷി വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (ബി) | 1. RKVY പദ്ധതി പ്രകാരം കോർപ്പറേഷന്റെ കശുമാവ് തോട്ടങ്ങളിൽ നിന്നുള്ള കശുമാങ്ങ ഉപയോഗിച്ച് കാഷ്യൂ ആപ്പിൾ കാർബണേറ്റഡ് ഡ്രിങ്ക് (ഒസ്സിയാന) കാസർഗോഡ് എസ്റ്റേറ്റിൽ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തിവരുന്നു. കശുമാങ്ങയിൽ നിന്നും ഫെനി പോലെയുള്ള പാനീയം ഉൽപ്പാദിപ്പിക്കുന്നതിനായുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>**2.** RKVY പദ്ധതി പ്രകാരം കാസർഗോഡ്, ചീമേനി എസ്റ്റേറ്റുകളിലെ നഴ്സറികളിൽ അത്യുൽപ്പാദന ശേഷിയുള്ള കശുമാവിൻ തൈകൾ ഉൽപ്പാദിപ്പിച്ച് കഴിഞ്ഞ വർഷങ്ങളിൽ കൃഷി ഭവൻ വഴി കർഷകർക്ക് വിതരണം നടത്തുകയും, ഈ വർഷവും സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി (കെ.എസ്.എ.സി.സി)-ക്ക് രണ്ടു ലക്ഷം കശുമാവിൻ തൈകൾ നൽകുന്നതിനായുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>3. RKVY പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിലുള്ള കോർപ്പറേഷന്റെ എസ്സ്റ്റേറ്റുകളിലെ 13 ഹെക്ടറിലും, കർഷകരുടെ പങ്കാളിത്തത്തോടെ 8 ഹെക്ടറിലും പാഷൻഫ്രൂട്ട് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു. പാഷൻഫ്രൂട്ട് മൂല്യവർദ്ധിത നിർമ്മാണ യൂണിറ്റുകൾ ചീമേനി, കാസർഗോഡ് എസ്റ്റേറ്റുകളിൽ പ്രവർത്തിച്ചുവരുന്നു.<br>4. കാസർഗോഡ് ജില്ല ജൈവ ജില്ലയായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ജൈവകൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടിയുടെ പൂർണ്ണപ്രയോജനം |

| | | | |
|---|---|---|---|
| | | | ലഭിക്കുന്നതിനായി കശുവണ്ടി സംസ്കരിച്ച് പിസികെ ബ്രാൻഡിൽ വിപണനം നടത്തുന്നതിനായി കശുവണ്ടി സംസ്കരണ ഫാക്ടറി നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളതാകുന്നു.<br>5. ഓർഗാനിക് ഫാമിംഗിലൂടെ കോർപ്പറേഷന്റെ കാസർഗോഡ് ജില്ലയിലെ എസ്റ്റേറ്റുകളിൽ കറുവപ്പട്ടകൃഷി ചെയ്ത് കറുവപ്പട്ടയും, കറുവപ്പട്ട ഓയിലും ഉല്പാദിപ്പിച്ചുവരുന്നു. സംസ്ഥാനത്ത് ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കറുവപ്പട്ടകൃഷി കൂടുതൽ വിപുലപ്പെടുത്തുന്നതിനായുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു.<br>6. കൂടാതെ കാസർഗോഡ് ജില്ലയിലെ റബ്ബർ കൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങളിൽ റബ്ബർ കൃഷി ആരംഭിക്കുകയും അതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു വരുന്നു. |
| (സി) | ഇല്ലെങ്കിൽ എല്ലാ ഭൗതികസാഹചര്യങ്ങളുമുള്ള പ്രസ്തുത സ്ഥലങ്ങൾ പ്രയോജനപ്പെടുത്തി കൂടുതൽ തൊഴിൽ സാധ്യതകളും വരുമാന വർദ്ധനവുമുള്ള പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ? | (സി) | 1. RKVY പദ്ധതി പ്രകാരം കോർപ്പറേഷന്റെ കശുമാവ് തോട്ടങ്ങളിൽ നിന്നുള്ള കശുമാങ്ങ ഉപയോഗിച്ച് കാഷ്യു ആപ്പിൾ കാർബണേറ്റഡ് ഡ്രിങ്ക് (ഒസ്സിയാന) കാസർഗോഡ് എസ്റ്റേറ്റിൽ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തിവരുന്നു. കശുമാങ്ങയിൽ നിന്നും ഫെനി പോലെയുള്ള പാനീയം ഉൽപ്പാദിപ്പിക്കുന്നതിനായുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>**2.** RKVY പദ്ധതി പ്രകാരം കാസർഗോഡ്, ചീമേനി എസ്റ്റേറ്റുകളിലെ നഴ്സറികളിൽ അത്യുൽപ്പാദന ശേഷിയുള്ള കശുമാവിൻ തൈകൾ ഉൽപ്പാദിപ്പിച്ച് കഴിഞ്ഞ വർഷങ്ങളിൽ കൃഷി ഭവൻ വഴി കർഷകർക്ക് വിതരണം നടത്തുകയും, ഈ വർഷവും സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി (കെ.എസ്.എ.സി.സി)-ക്ക് രണ്ടു ലക്ഷം കശുമാവിൻ തൈകൾ നൽകുന്നതിനായുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>3. RKVY പദ്ധതിപ്രകാരം കാസർഗോഡ് ജില്ലയിലുള്ള കോർപ്പറേഷന്റെ എസ്സ്റ്റേറ്റുകളിലെ 13 ഹെക്ടറിലും, കർഷകരുടെ പങ്കാളിത്തത്തോടെ 8 ഹെക്ടറിലും പാഷൻഫ്രൂട്ട് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു. പാഷൻഫ്രൂട്ട് മൂല്യവർദ്ധിത നിർമ്മാണ യൂണിറ്റുകൾ ചിമേനി, കാസർഗോഡ് എസ്റ്റേറ്റുകളിൽ പ്രവർത്തിച്ചുവരുന്നു.<br><br>4. കാസർഗോഡ് ജില്ല ജൈവ ജില്ലയായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ജൈവകൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടിയുടെ പൂർണ്ണപ്രയോജനം |

| | | | |
|---|---|---|---|
| | | | ലഭിക്കുന്നതിനായി കശുവണ്ടി സംസ്കരിച്ച് പിസികെ ബ്രാൻഡിൽ വിപണനം നടത്തുന്നതിനായി കശുവണ്ടി സംസ്കരണ ഫാക്ടറി നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളതാകുന്നു.<br><br>5. ഓർഗാനിക് ഫാമിംഗിലൂടെ കോർപ്പറേഷന്റെ കാസർഗോഡ് ജില്ലയിലെ എസ്റ്റേറ്റുകളിൽ കറുവപ്പട്ടകൃഷി ചെയ്ത് കറുവപ്പട്ടയും, കറുവപ്പട്ട ഓയിലും ഉല്പാദിപ്പിച്ചുവരുന്നു. സംസ്ഥാനത്ത് ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കറുവപ്പട്ടകൃഷി കൂടുതൽ വിപുലപ്പെടുത്തുന്നതിനായുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു.<br><br>6. കൂടാതെ കാസർഗോഡ് ജില്ലയിലെ റബ്ബർ കൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങളിൽ റബ്ബർ കൃഷി ആരംഭിക്കുകയും അതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ